പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 11

# 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബിൽ

(ശ്രീ. ജി. സ്റ്റീഫൻ,, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 11

# 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബിൽ

(ശ്രീ. ജി. സ്റ്റീഫൻ,, എം. എൽ. എ. നോട്ടീസ് നൽകിയത്)

1283/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 11

# 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണബിൽ

( ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ എല്ലാ കൗമാരപ്രായക്കാർക്കും തുല്യതയുള്ളതും ഗുണനിലവാരമുള്ളതുമായ മാനസികാരോഗ്യ പരിചരണം ഉറപ്പു വരുത്തുന്നതിനും അതുവഴി കൗമാരപ്രായമായവർ വരെയുള്ള എല്ലാ കുട്ടികൾക്കും മെച്ചപ്പെട്ട ശാരീരികാരോഗ്യവും മാനസിക ഉയർച്ചയും കൈവരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ കൗമാര പ്രായം വരെയുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള മാനസികാരോഗ്യ പരിചരണവും അവബോധനവും മാനസിക ശാക്തീകരണവും ഉറപ്പു വരുത്തണമെന്നതിനാലും, വരുന്ന യുവതലമുറയുടെ മാനസിക-ശാരീരികാരോഗ്യം നാം വിഭാവനം ചെയ്യുന്ന നവകേരള നിർമ്മിതിയുടെ അവശ്യ ഘടകമായി മാറണമെന്നതിനാലും, അതുവഴി സംസ്ഥാനത്തെ ഓരോ പൗരന്റെയും ശാരീരിക-മാനസിക-ബൗദ്ധിക-സാമൂഹിക ക്ഷേമതലങ്ങളിലെ ഉയർച്ച കേരള സമൂഹത്തെ ഉന്നതിയിലേക്ക് നയിക്കുന്നതിന് ഇടയാക്കുന്ന സാഹചര്യം സൃഷ്ടിക്കുമെന്നതിനാലും ഈ കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് കൗമാരകാലഘട്ടത്തിൽ തന്നെ കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നത് യുക്തമായിരിക്കുകയാലും; ഈ കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

1283/2026.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(എ) "മാനസികാരോഗ്യ സംരക്ഷണം" എന്നാൽ ഉത്തമ പൗരൻ എന്ന നിലയിൽ ഭാവിയിലെ ജീവിതം നയിക്കുന്നതിന് സഹായകരമായ രീതിയിൽ കൗമാരക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സംരക്ഷണം എന്നർത്ഥമാകുന്നു;

(ബി) "ആരോഗ്യ സ്ഥാപനം" എന്നാൽ പൊതു ഉടമസ്ഥതയിലുള്ളതോ സ്വകാര്യ ഉടമസ്ഥതയിലുള്ളതോ ആയ എല്ലാ ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളും എന്നർത്ഥമാകുന്നു;

(സി)"വിദ്യാഭ്യാസ സ്ഥാപനം" എന്നാൽ പൊതു ഉടമസ്ഥതയിലുള്ളതോ സ്വകാര്യ ഉടമസ്ഥതയിലുള്ളതോ ആയ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും എന്നർത്ഥമാകുന്നു;

(ഡി) "ആരോഗ്യ പ്രവർത്തകർ" എന്നാൽ കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മതിയായ നൈപുണ്യവും യോഗ്യതയുള്ളവരുമായവർ എന്നർത്ഥമാകുന്നു;

(ഇ) "സംസ്ഥാന ആരോഗ്യ സമിതി" എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതി എന്നർത്ഥമാകുന്നു;

(എഫ്) "ജില്ലാ ആരോഗ്യ സമിതി"എന്നാൽ ഈ ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു.

3. <u>കൗമാരക്കാരുടെ മാനസികാരോഗ്യ പരിരക്ഷ ഉറപ്പാക്കൽ</u>.—(1) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ, ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ഓരോ കൗമാരക്കാരനും തന്റെ ശാരീരിക-മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട് തനിക്കോ തന്റെ രക്ഷകർത്താക്കൾക്കോ ഇനിപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്, അതായത്,—

(i) ഒരു കൗമാരക്കാരന്റെ മാനസികാരോഗ്യം സംബന്ധിച്ച വിവരങ്ങൾ, ആരോഗ്യം മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ, കൗൺസിലിംഗ്, ആവശ്യമെങ്കിൽ ചികിത്സാ സംബന്ധമായ വിവരങ്ങൾ എന്നിവ ലഭ്യമാക്കൽ;

(ii) ഓരോ സ്ഥാപനവുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെ വിവരങ്ങൾ ലഭ്യമാക്കൽ;

(iii) യഥാസമയം പരിശോധനയുടെയും ചികിത്സയുടെയും രേഖകൾ ഡിജിറ്റലായും അല്ലാതെയും ലഭിക്കുന്നതിനുള്ള അവകാശം;

(iv) ആരോഗ്യ സ്ഥാപനത്തിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും കൗൺസിലിംഗ്, ചികിത്സ എന്നിവ സംബന്ധിച്ച വിവരം മറ്റൊരാൾക്ക് ലഭിക്കാതിരിക്കുന്നതിനും അതിന്റെ രഹസ്യ സ്വഭാവം പൂർണ്ണമായും സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കൽ;

(v) കൗൺസിലിംഗും പരിശോധനകളും ചികിത്സയും തുടങ്ങി എല്ലാത്തരം സേവനങ്ങളും പൂർണ്ണമായും സൗജന്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.

4. <u>സർക്കാരിന്റെ ചുമതലകൾ.</u>—(1) ഓരോ കൗമാരക്കാരനും അവരുടെ മാനസിക ആരോഗ്യ സംരക്ഷണവും പരിരക്ഷയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ചെയ്ത് നൽകുന്നതിന് ഇനിപ്പറയുന്ന ചുമതലകൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കും, അതായത്:—

(i) നിലവിലുള്ള ഏതൊരു ആരോഗ്യ സ്ഥാപനവും വിദ്യാഭ്യാസ സ്ഥാപനവും കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഉപയുക്തമായ രീതിയിൽ ശാക്തീകരിക്കുക;

(ii) ആവശ്യമെങ്കിൽ എല്ലാ ആരോഗ്യ സ്ഥാപനത്തിലും ഇവർക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്;

(iii) എല്ലാ പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മതിയായ നൈപുണ്യവും യോഗ്യതയുള്ളവരുമായ ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുക;

(iv) സേവനങ്ങളിൽ ഏർപ്പെടുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ആരോഗ്യ പ്രവർത്തകർ കൃത്യമായ ഇടവേളകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് കുട്ടികളുമായി ആശയവിനിമയം നടത്തുക;

(v) കൗമാരക്കാരുടെ മെച്ചപ്പെട്ട മാനസികാരോഗ്യം സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധവാന്മാരാക്കുന്ന സമഗ്രപദ്ധതി ആവിഷ്കരിക്കുകയും പാഠ്യപദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കുകയും ചെയ്യുക;

(vi) കണ്ടെത്തപ്പെടുന്ന ഓരോ ആരോഗ്യ പ്രശ്നങ്ങളും ശാസ്ത്രീയ പഠനത്തിന് വിധേയമാക്കുകയും ഇത് അപഗ്രഥിച്ച് ബോധവൽക്കരണ നടപടികൾ ശാക്തീകരിക്കുകയും ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളുക;

(vii) ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും സർക്കാർ ധനസഹായം അനുവദിക്കുകയും പൊതു ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്തുകയും, സി.എസ്.ആർ ഫണ്ടുകൾ പോലുള്ള പൊതു വിഭവസമാഹരണം നടത്തുകയും ചെയ്യുക;

(viii) കൗമാരപ്രായക്കാർക്കിടയിൽ മദ്യം, ലഹരി വസ്തുക്കൾ, മയക്കുമരുന്ന് പോലെയുള്ളവയുടെ വ്യാപനം തടയുന്നതിന് ഫലപ്രദവും ഉചിതവുമായ നടപടികൾ സ്വീകരിക്കുക;

(ix) കൗമാരപ്രായക്കാർക്ക് ആവശ്യമായ പോഷകഗുണമുള്ള ഭക്ഷണം ഉറപ്പു വരുത്തുന്നതിന് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനം നടത്തുക;

(x) ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് കാലാനുസൃതമായി ആധുനിക ചികിത്സാ മാർഗ്ഗങ്ങളിലും കൗൺസിലിംഗിലും പ്രായോഗിക പരിശീലനം ഉറപ്പാക്കുക;

(xi) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര ഏജൻസികളെയും സ്ഥാപനങ്ങളെയും കൂട്ടിയോജിപ്പിച്ച് അവരെക്കൂടെ ഇതിൽ സജീവ പങ്കാളികളാക്കുക.

5. സംസ്ഥാന ആരോഗ്യ സമിതി രൂപീകരണം.—(1) ഗസറ്റ് വിജ്ഞാപനത്തിലൂടെ കൗമാരക്കാർക്കുള്ള മാനസികാരോഗ്യ സംരക്ഷണ സംസ്ഥാന സമിതി എന്ന പേരിൽ താഴെപ്പറയുന്ന അംഗങ്ങളടങ്ങുന്ന ഒരു സമിതി സർക്കാർ രൂപീകരിക്കേണ്ടതാണ്. അതായത് :—

(i) കാലാകാലങ്ങളിൽ സർക്കാർ നിയമിക്കുന്ന ഒരു വ്യക്തി ഇതിന്റെ ചെയർ പേഴ്സൺ ആയിരിക്കുന്നതാണ്;

(ii) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഇതിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;

(iii) സംസ്ഥാനത്തെ ആരോഗ്യ-കുടുംബക്ഷേമം, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വനിതാ-ശിശു വികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരും വകുപ്പ് ഡയറക്ടർമാരും എക്സ്-ഒഫീഷ്യ അംഗങ്ങളായിരിക്കും;

(iv) ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നതും കൗമാരക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിചയവും വൈദഗ്ധ്യവും നേടിയിട്ടുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ, അവരിൽ രണ്ടു വനിതകൾ ആയിരിക്കേണ്ടതാണ്.

6. ജില്ലാ ആരോഗ്യ സമിതി രൂപീകരണം.—(1) ഗസറ്റ് വിജ്ഞാപനത്തിലൂടെ കൗമാരക്കാർക്കുള്ള മാനസികാരോഗ്യ സംരക്ഷണ ജില്ലാ സമിതി എന്ന പേരിൽ താഴെപ്പറയുന്ന അംഗങ്ങളടങ്ങുന്ന ഒരു സമിതി സർക്കാർ രൂപീകരിക്കേണ്ടതാണ്. അതായത് :—

(i) കാലാകാലങ്ങളിൽ സർക്കാർ നിയമിക്കുന്ന ഒരു വ്യക്തി ഇതിന്റെ ചെയർ പേഴ്സൺ ആയിരിക്കുന്നതാണ്.

(ii) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഇതിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(iii) ആരോഗ്യ-കുടുംബക്ഷേമം, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വനിതാ-ശിശു വികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകളിലെ ജില്ലാ തല ഓഫീസർമാർ എക്സ്-ഒഫീഷ്യോ അംഗങ്ങളായിരിക്കും.

(iv) ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നതും കൗമാരക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിചയവും വൈദഗ്ധ്യവും നേടിയിട്ടുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ, അവരിൽ രണ്ടു വനിതകൾ ആയിരിക്കേണ്ടതാണ്.

7. <u>സമിതികളുടെ കർത്തവ്യങ്ങളും ചുമതലകളും—</u>.(1) ഈ ആക്റ്റിലെ 5, 6 എന്നീ വകുപ്പുകൾ പ്രകാരം രൂപീകരിക്കപ്പെടുന്ന സമിതികൾ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(2) വ്യവസ്ഥ ചെയ്യുന്ന സ്ഥലത്തും സമയത്തും സമിതി യോഗങ്ങൾ ചേരേണ്ടതാണ്.

(3) സമിതിയുടെ യോഗത്തിൽ ചെയർപേഴ്സന്റെ അഭാവമുണ്ടാകുന്ന പക്ഷം അംഗങ്ങളിലൊരാൾ ഭൂരിപക്ഷ തീരുമാനപ്രകാരം ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(4) സമിതി യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(5) സമിതിയുടെ ഒരു യോഗത്തിന് മുൻപാകെ വരുന്ന വിഷയങ്ങളിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതാണ്.

(6) തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന ചെയർപേഴ്സണ് കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

(7) കൗമാരക്കാരുടെ മാനസികാരോഗ്യം സംരക്ഷണം സംബന്ധിച്ചുള്ള ഏതു വിഷയത്തിലും സർക്കാരിന് ആവശ്യമായ ശിപാർശകൾ നൽകുക.

(8) സംസ്ഥാനത്ത് കൗമാരക്കാർക്കിടയിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ പ്രതിവർഷ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

(9) നൽകപ്പെടുന്ന ആരോഗ്യപരിപാലന സേവനങ്ങളും പരിശോധനാ സംവിധാനങ്ങളും ഗുണമേന്മയുള്ളതാണെന്ന് ഉറപ്പ് വരുത്തുക;

(10) സംസ്ഥാനത്തെ എല്ലാ കൗമാരപ്രായക്കാരായ കുട്ടികൾക്കും മാനസിക ആരോഗ്യ പരിരക്ഷ അവകാശം ലഭിക്കുന്നതിനും അത് സംരക്ഷിക്കുന്നതിനും ആവശ്യമായ ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക;

(11) ഈ ആക്റ്റ് വിഭാവനം ചെയ്യുന്ന വിഷയങ്ങളിൽ കൗമാരപ്രായക്കാരായ കുട്ടികൾക്ക് ഏതെങ്കിലും സേവനം നിഷേധിക്കുകയോ അവകാശങ്ങളിൽ ലംഘനം വരികയോ ചെയ്യുന്ന വിഷയങ്ങളിൽ പരാതി നൽകുന്നതിലേയ്ക്കായി ഒരു പ്രത്യേക വെബ്പോർട്ടലും ഓൺലൈൻ ഹെൽപ് ലൈൻ കേന്ദ്രവും ആരംഭിക്കുക.

(12) സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുക.

8. <u>അന്വേഷണം നടത്തുന്നതിനും പരിശോധനകൾ നടത്തുന്നതിനുമുള്ള അധികാരം.</u>—ജില്ലാ ആരോഗ്യ സമിതിക്കും സംസ്ഥാന ആരോഗ്യ സമിതിക്കും കൗമാരക്കാരായ കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലോ ആവശ്യമെന്ന് കരുതുന്ന അത്തരം സന്ദർഭങ്ങളിൽ സ്വന്തം നിലയ്ക്കോ അന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ആരായുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും ഏതെങ്കിലും സ്ഥലത്തോ കെട്ടിടത്തിലോ പ്രവേശിച്ച് പരിശോധന നടത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

9. <u>കുറ്റത്തിന്മേൽ നടപടിയെടുക്കൽ.</u>—ഈ ആക്റ്റിലെ വ്യവസ്ഥകളോ ആക്റ്റിന്മേൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ ലംഘിക്കുന്നതായോ ലംഘിക്കപ്പെട്ടതായോ ജില്ലാ സമിതിയോ സംസ്ഥാന സമിതിയോ കണ്ടെത്തുന്ന പക്ഷം കുറ്റക്കാരിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന പിഴ ഏർപ്പെടുത്താവുന്നതാണ്.

10. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം.</u>—ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു നടപടികൾ സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാനടപടികളോ മറ്റ് നിയമനടപടികളോ ഒരാൾക്കെതിരെ നില നിൽക്കുന്നതല്ല.

11. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നമ്മുടെ നാട് ഒരു നവകേരള സൃഷ്ടിയിലേക്ക് മുന്നേറുകയാണ്. ഒരു സംസ്ഥാനത്തിന്റെ അഭിവൃദ്ധിക്കും നിലനിൽപ്പിനും അടിസ്ഥാനമായ ഒരു സുപ്രധാന ഘടകം അവിടെ വസിക്കുന്ന ജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യമാണ്. ഇതിൽത്തന്നെ ഏറ്റവും സുപ്രധാനമായത് കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരുത്തുക എന്നതാണ്. ഭാവിതലമുറയെ കരുതലോടെ നയിക്കുവാനും അവരെ ജീവിതത്തിൽ മുന്നേറാൻ സഹായിക്കുവാനും സർക്കാർ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഒരു വ്യക്തിയുടെ ആരോഗ്യപരിരക്ഷ അയാളുടെ അവകാശമെന്നാണ് വിവക്ഷിക്കപ്പെടുന്നത്. ഈ ലക്ഷ്യം നിറവേറ്റുന്നതാണ് 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

സംസ്ഥാനത്തെ കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണം എന്ന ലക്ഷ്യം നേടുന്നതിന് സംസ്ഥാന ആരോഗ്യ സമിതിയും ജില്ലാ ആരോഗ്യ സമിതിയും രൂപീകരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ ചെലവുകൾ അവ പ്രവർത്തനക്ഷമമായ ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ എങ്കിലും പ്രാരംഭത്തിൽ അതിലേയ്ക്കായി മുപ്പത് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

# ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അവ നടപടിക്രമങ്ങളെ സംബന്ധിക്കുന്നതും സാധാരണവും ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതും ആയ കാര്യങ്ങൾക്ക് വേണ്ടിയാണ് . കൂടാതെ ചട്ടങ്ങൾ സംബന്ധിക്കുന്ന വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

അഡ്വ. ജി.സ്റ്റീഫൻ, എം.എൽ.എ.